"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ ഹോംഷോപ്പ് സംഗമം - കളമശ്ശേരി സംറ കൺവെൻഷൻ സെന്ററിൽ വച്ച് 2025 ആഗസ്റ്റ് 4-ന് സംഘടിപ്പിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1890/2025/LSGD തീയതി,തിരുവനന്തപുരം, 31-07-2025

---

പരാമർശം:-
1. 19/08/2023-ലെ സ.ഉ.(പി) നം.91/2023/ധന
2. 17/06/2025-ൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന കുടുംബശ്രീയുടെ പ്രവർത്തനാവലോകന യോഗത്തിലെ ക്രമ നം. 24 പ്രകാരമുള്ള തീരുമാനം.
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17/07/2025-ലെ 4367/J1/2011/KSHO നം. കത്ത്

**<u>ഉത്തരവ്</u>**

കുടുംബശ്രീ ഉല്പന്നങ്ങൾക്ക് സാമൂഹ്യാധിഷ്ഠിത വിപണന-വിതരണ സംവിധാനം ഒരുക്കുന്നത് ലക്ഷ്യമിട്ട് കുടുംബശ്രീ ആരംഭിച്ച പദ്ധതിയാണ് ഹോംഷോപ്പ്. കുടുംബശ്രീ ഉല്പന്നങ്ങൾ സംരംഭകരിൽ നിന്നും ശേഖരിച്ച് കുടുംബശ്രീ അംഗങ്ങളായ ഹോംഷോപ്പ് ഓണേഴ്സ് മുഖേന വീടുകളിൽ നേരിട്ട് എത്തി വിപണനം ചെയ്യുന്ന രീതിയാണ് ഹോംഷോപ്പ് എന്ന കമ്മ്യൂണിറ്റി മാർക്കറ്റിംഗ് നെറ്റ് വർക്ക്. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച കെ-ലിഫ്റ്റ് പദ്ധതിയുടെ ഭാഗമായി 2024-25 സാമ്പത്തിക വർഷത്തിൽ 51 മാനേജ്മെന്റ് ടീമിന് കീഴിലായി 7000-ൽ അധികം ഹോംഷോപ്പ് ഓണേഴ്സും 1000-ൽപ്പരം സംരംഭകരും പുതുതായി ഈ പദ്ധതിയുടെ ഭാഗമായിട്ടുണ്ട്. പുതുതായി ചേർന്നിട്ടുള്ള ഹോംഷോപ്പ് അംഗങ്ങൾക്കും മാനേജ്മെന്റ് ടീമുകൾക്കും പ്രവർത്തന കാര്യക്ഷമത വർധിപ്പിക്കുക, ഇനിയുള്ള പ്രവർത്തനം കൂടുതൽ ഊർജിതമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ഹോംഷോപ്പ് അംഗങ്ങളുടെ വിപുലമായ ഒരു സംഗമം നടത്തുന്നതിന് പരാമർശം (2) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

2. ഓരോ ജില്ലകളിലെയും മാനേജ്മെന്റ് ടീം, ഹോംഷോപ്പ് ഓണേഴ്സ്, സംരംഭകർ എന്നിവരുടെ പ്രതിനിധികളെ പങ്കെടുപ്പിച്ചു കൊണ്ട് മികച്ച മാതൃകകളുടെ അവതരണം, അനുഭവം പങ്കുവയ്ക്കൽ, പദ്ധതിയുടെ തുടർ പ്രവർത്തന ചർച്ചകൾക്കുള്ള ഓപ്പൺ ഫോറം, മോട്ടിവേഷൻ സെഷൻ എന്നീ പ്രവർത്തനങ്ങളാണ് ഹോംഷോപ്പ് സംഗമത്തിലൂടെ ലക്ഷ്യമിടുന്നത് എന്നും വിവിധ ജില്ലകളിലെ 1000-ൽപ്പരം പ്രതിനിധികളെ ഉൾപ്പെടുത്തി 2025 ആഗസ്റ്റ് 4-ന് എറണാകുളത്താണ് പരിപാടി നിശ്ചയിച്ചിട്ടുള്ളതെന്നും ഇത്രയും ആൾക്കാരെ ഉൾക്കൊള്ളിക്കുന്നതിനും അതിനുവേണ്ട പാർക്കിംഗ് സൗകര്യം ഉള്ളതുമായ സ്ഥലം സർക്കാർ ഉടമസ്ഥതയിൽ ഇല്ലാത്തതിനാൽ സ്വകാര്യ മേഘലയിൽ വാടക ഏറ്റവും കുറവുള്ളതായി

കണ്ടെത്തിയ കളമശ്ശേരി സംഗ കൺവെൻഷൻ സെന്ററിൽ ഹോംഷോപ്പ് സംഗമം സംഘടിപ്പിക്കുന്നതിന് പരാമർശം (1) ഉത്തരവിൽ ഇളവ് അനുവദിച്ച് അനുമതി നൽകണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1000 പേരെ ഉൾക്കൊള്ളിക്കുന്നതിനും അതിനുവേണ്ട പാർക്കിംഗ് സൗകര്യം ഉള്ളതുമായ സ്ഥലം സർക്കാർ ഉടമസ്ഥതയിൽ ഇല്ലാത്തതിനാലും സിയാൽ, സംഗ എന്നീ കൺവെൻഷൻ സെന്ററുകളിൽ ഏതെങ്കിലും ഒരെണ്ണമാണ് പ്രസ്തുത പരിപാടിക്ക് അനുയോജ്യമായതെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ റിപ്പോർട്ട് പരിഗണിച്ചും, കുടുംബശ്രീ ഹോംഷോപ്പ് സംഗമം കളമശ്ശേരി സംഗ കൺവെൻഷൻ സെന്ററിൽ വച്ച് 2025 ആഗസ്റ്റ് 4-ന് സംഘടിപ്പിക്കുന്നതിന് ടി സ്ഥാപനം ഈടാക്കി വരുന്ന നിലവിലെ നിരക്കിൽ നിന്നും വാടക അധികരിക്കാൻ പാടില്ല എന്ന വ്യവസ്ഥക്ക് വിധേയമായി, പരാമർശം (1) ഉത്തരവിലെ നിബന്ധനകളിൽ ഇളവ് അനുവദിച്ച് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/233/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 31-07-2025 16:10:06

സെക്ഷൻ ഓഫീസർ